ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഈ സ്റ്റോറിൽ അംഗീകരിച്ച കാളേജുകളും ഇല്ലെന്നുള്ളവസ്തുത കണക്കിലെടുത്തുകൊണ്ട് നമുക്ക് ആവശ്യമായ ഡാക്ടറന്മാർ പുറത്തുള്ള ഏത് കാളേജിൽനിന്നും ഡിഗ്രി എടുത്തുകൊണ്ടുവരുന്നവരാണെങ്കിലും ഇവിടെ അംഗീകരിക്കുമോ ?

ഡാക്ടർ ഏ. ആർ. മേനോൻ : ഇപ്പോൾ അതിനെ കൺസോൾ കൊണ്ടുവരാൻ ആലോചനയുണ്ട്. അപ്പോൾ ഏതൊക്കെയാണ് വേണ്ടതെന്ന് അനേഷിച്ച് ചെയ്യും.

ശ്രീ കെ. മൊയ്തീൻകുട്ടി ഹാജി : ബാംബെ കാളേജിൽനിന്നും ഡിഗ്രി എടുത്തുവരുന്ന ഡാക്ടറന്മാരെ നമ്മുടെ സ്റ്റോറിൽ മതിയായ യോഗ്യതയുള്ളവരായി കണക്കാക്കാൻ സാധിക്കുമോ ?

ഡാക്ടർ ഏ. ആർ. മേനോൻ : സ്റ്റോറിനെ പുറത്തു പലേ കാളേജുകളുണ്ട്. കൽക്കട്ടായിൽ രണ്ടു കാളേജുകളും ഉണ്ടായിരുന്നു വേണ്ടെന്നു വച്ചു. അതൊക്കെ നോക്കിച്ചെയ്യാം.

ശ്രീ. എം. നാരായണക്കുറുപ്പ് : പല ഡാക്ടറന്മാരും തപാൽവഴി ഹോമിയോപ്പതി ഡിഗ്രി സമ്പാദിച്ചുവരുന്നതായി ശവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ഡാക്ടർ ഏ. ആർ. മേനോൻ : ഉവ്വ്ല്ലോ.

ശ്രീ. എം. ഗോപാലൻകുട്ടി നായർ : ഇങ്ങനെ ആവശ്യമായ പരീക്ഷാ യോഗ്യതകളില്ലാത്ത ഹോമിയോപ്പതി ഡാക്ടറന്മാർ ചികിത്സ നടത്തുന്നതുമൂലം പൊതുജനാരോഗ്യം അപകടത്തിലായിത്തീരുന്നുണ്ടെന്നുള്ളതു ശവണ്മെൻറിനറിയാമോ ?

മി. സ്പീക്കർ : അതൊരഭിപ്രായമാണ്.

ഡാക്ടർ ഏ. ആർ. മേനോൻ : അതിനു മറുപടി എടുക്കുന്നുണ്ട്.

സംശയാസ്പദമായ മരണങ്ങൾ.

* 1368. [19] † ശ്രീ. ഗോവിന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ രണ്ടു കൊല്ലങ്ങൾക്കകം ഈ സംസ്ഥാനത്തിൽ എത്ര സംശയാസ്പദമായ മരണങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) ഈ മരണങ്ങൾക്കുത്തരവാദികളെ കണ്ടുപിടിക്കാൻ ശ്രമിച്ചതിൽ എത്ര കേസുകൾ ചാർജ്ജ് ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട് ;

(സി) ആകെ എത്ര മരണങ്ങളെപ്പറ്റി മെക്രം ബ്രാഞ്ചിനെ കൊണ്ട് അനേഷണം നടത്തിയിട്ടുണ്ട് ;

(ഡി) ഇതിൽ എത്രയെണ്ണം ചാർജ്ജ് ചെയ്യപ്പെട്ടു ;

(ഇ) ചാർജ്ജ് ചെയ്തതിൽ എത്രയെണ്ണം ശിക്ഷിച്ചു ?

Minister for Law (**Shri V. R. Krishna Iyer**) :

(*a—e*) All the information is not available. I am collecting them.

† As the Member was absent the question was put by Shri P. Ramunni Kurup, with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly